**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 30** **04-10-2021 - ൽ മറുപടിയ്ക്ക്**

**മുൻഗണന ഗുണഭോക്തൃ ക്വോട്ട**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി സ്റ്റീഫൻ,<br>ശ്രീ. പി.വി.അൻവർ,<br>ശ്രീ. ആന്റണി ജോൺ,<br>ശ്രീ കെ യു ജനീഷ് കുമാർ | | Shri G R Anil<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | ദേശീയ ഭക്ഷ്യ ഭദ്രത നിയമപ്രകാരമുള്ള റേഷൻ സമ്പ്രദായത്തിൽ മറ്റ് സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ മുൻഗണന ഗുണഭോക്താക്കളുടെ എണ്ണത്തിൽ കേരളത്തിന് അർഹമായ ക്വോട്ട കേന്ദ്ര സർക്കാർ അനുവദിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ സംസ്ഥാനത്തിന് അർഹതപ്പെട്ട വിഹിതം അനുവദിക്കാൻ കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | (എ) | ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 അനുസരിച്ച് മുൻഗണനാ പട്ടികയിൽ അംഗങ്ങളെ ഉൾപ്പെടുത്തിയിരിക്കുന്നത് 2011 ലെ ജനസംഖ്യ സെൻസസ് അനുസരിച്ചാണ്. ഇതിലെ അർബൻ, റൂറൽ റേഷ്യോ അനുസരിച്ചാണ് മുൻഗണനാ പട്ടിക നിശ്ചയിച്ചിരിക്കുന്നത്. അതനുസരിച്ച് കേരളത്തിലെ മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്താവുന്ന അംഗങ്ങളുടെ പരിധി 1,54,800,40 ആണ്. ഇത് കേരളത്തിലെ ജനസംഖ്യയുടെ 43% മാത്രമാണ്. നഗരപ്രദേശങ്ങളിൽ 39.5 ശതമാനവും ഗ്രാമപ്രദേശങ്ങളിൽ 52.63 ശതമാനവും ജനങ്ങളെയാണ് മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. അതേ സമയം ബീഹാറിൽ ഈ അനുപാതം 74.53% ഉം 85.12% ഉം ഉത്തർപ്രദേശിൽ 64.43% ഉം 79.56% ഉം ആണ്. മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തുന്നതിന് പരിധി നിശ്ചയിച്ചിട്ടുള്ളതിനാൽ അർഹരായ എല്ലാ കുടുംബങ്ങളേയും മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്താൻ കഴിയാത്ത സാഹചര്യം നിലവിലുണ്ട്. കേരളത്തിലെ മെച്ചപ്പെട്ട ജീവിത നിലവാരവും, റേഷനെ ആശ്രയിച്ച് കഴിയുന്ന ആളുകളുടെ എണ്ണം മറ്റ സംസ്ഥാനങ്ങളെ അപേക്ഷിച്ച് കുറവായതും മുൻഗണനാ പട്ടികയിൽ കേരളത്തിന്റെ പ്രാതിനിധ്യം കുറയുന്ന കാരണങ്ങളായി കാണുന്നു. ഭക്ഷ്യഭദ്രതാ നിയമം, 2013 ഇന്ത്യൻ പാർലമെന്റിൽ പാസ്സാക്കുന്ന ചർച്ചാവേളയിൽ മുൻഗണനാ പട്ടികയിൽ കൂടുതൽ പേരെ ഉൾപ്പെടുത്തുന്നതിനുള്ള സമ്മർദ്ദം വേണ്ടരീതിയിൽ ഉണ്ടായിട്ടില്ലെന്നാണ് മനസ്സിലാക്കുന്നത്. മുൻഗണനാ പരിധി വർദ്ധിപ്പിച്ചു നല്കുന്നതിന് സംസ്ഥാന സർക്കാർ |

| | | | |
|---|---|---|---|
| | | | കേന്ദ്രസർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ടെങ്കിലും അനുകൂല പ്രതികരണം ഇതുവരെ ഉണ്ടായിട്ടില്ല. |
| (ബി) | അനർഹമായി മുൻഗണന കാർഡുകൾ കൈവശം വച്ചവരെ നീക്കം ചെയ്തതിനെത്തുടർന്ന് ഉണ്ടായ ഒഴിവിലേക്ക് അർഹരായവരെ ഉൾപ്പെടുത്തുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (ബി) | ഉണ്ട്. ദേശീയ ഭക്ഷ്യഭദ്രതാ നിയമം, 2013 അനുസരിച്ച് എ.എ.വൈ, പി.എച്ച്.എച്ച് വിഭാഗങ്ങളാണ് മുൻഗണനാ പട്ടികയിൽ ഉൾപ്പെടുന്നത്. എ.എ.വൈ വിഭാഗത്തെ കണ്ടെത്തുന്നതിന് കേന്ദ്ര മാനദണ്ഡങ്ങളും പി.എച്ച്.എച്ച് വിഭാഗത്തെ കണ്ടെത്തുന്നതിന് സംസ്ഥാന മാനദണ്ഡങ്ങളും നിലവിലുണ്ട്. പ്രസ്തുത മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ അർഹരായവരെ കണ്ടെത്തി കേന്ദ്ര സർക്കാർ പരിമിതപ്പെടുത്തിയിട്ടുളള 1,54,80,040 പേരിൽ ഉണ്ടായിട്ടുള്ള ഒഴിവുകൾ നികത്തുന്നതിന് ഭക്ഷ്യവകുപ്പ് നടപടികൾ സ്വീകരിച്ച് വരുന്നു. ടി.പി.ഡി.എസ് (കൺട്രോൾ) ഓർഡർ, 2015 ക്ലോസ് 13 പ്രകാരം മുൻഗണനാപട്ടികയുടെ ശുദ്ധീകരണം തുടർപ്രക്രിയയാണ്. ഇതുപ്രകാരം മുൻഗണനാ വിഭാഗങ്ങളിൽ നിന്നും ഒഴിവാക്കപ്പെടുന്ന എണ്ണത്തിന് പകരമായി അർഹരെ കണ്ടെത്തി ഉൾപ്പെടുത്തി വരുന്നു. എ.എ.വൈ/പി.എച്ച്.എച്ച് വിഭാഗങ്ങളിലുള്ള തുടർച്ചയായി മൂന്നുമാസം റേഷൻ വാങ്ങാത്തവരുടെ പട്ടിക തയ്യാറാക്കി അനർഹരെ ഒഴിവാക്കിയിട്ടുണ്ട്. കൂടാതെ ആധാർ ലിങ്ക് ചെയ്യാത്തതോ, ഒരംഗം മാത്രമുള്ളതോ ആയ മുൻഗണനാ റേഷൻകാർഡുകളും പരിശോധനയ്ക്ക് വിധേയമാക്കി അനർഹരെ കണ്ടെത്തുന്നതിനുള്ള നടപടികൾ തുടരുന്നു. റേഷൻ ഭക്ഷ്യധാന്യങ്ങൾ ആവശ്യമില്ലാത്ത കാർഡുടമകൾക്ക് അവരുടെ റേഷൻ വിഹിതം ആറ് മാസകാലയളവിലേക്ക് ഉപേക്ഷിക്കാവുന്ന Give-UP പദ്ധതി പ്രയോജനപ്പെടുത്തിയിട്ടുള്ളവരിൽ എ.എ.വൈ വിഭാഗത്തിൽപെട്ട കാർഡുടമകൾ ഉണ്ടെങ്കിൽ ടി കാർഡുകൾ മുൻഗണനേതര വിഭാഗത്തിലേക്ക് മാറ്റുന്നതിനുള്ള നടപടികളും തുടരുന്നു. മുൻഗണനാ കാർഡുകൾ അനർഹമായി കൈവശം വച്ചിരുന്നവർ പ്രസ്തുത കാർഡുകൾ സ്വമേധയാ സറണ്ടർ ചെയ്യുന്നതിന് സർക്കാർ അഭ്യർത്ഥിച്ചിരുന്നു. ഇതുപ്രകാരം 25.09.2021 വരെ ആകെ 1,42,187 മുൻഗണനാ കാർഡുകൾ തിരികെ ലഭിച്ചിട്ടുണ്ട്. 11,587 എ.എ.വൈ കാർഡുകളും 74,626 പി.എച്ച്.എച്ച് കാർഡുകളും 55,974 എൻ.പി.എസ് കാർഡുകളുമാണ് തിരികെ ലഭിച്ചത്. കൂടാതെ കൃത്യമായ പരിശോധനയിലൂടെ കണ്ടെത്തിയതും ഉൾപ്പെടെ എ.എ.വൈ വിഭാഗത്തിൽ 13,000 ഉം പി.എച്ച്.എച്ച് വിഭാഗത്തിൽ 1,32,000 ഒഴിവുകളുമുണ്ട്. 31/07/2021 വരെ മുൻഗണനാ വിഭാഗത്തിൽ |

| | | | |
|---|---|---|---|
| | | | ഉൾപ്പെടുത്തുന്നതിനായി ലഭ്യമായ അപേക്ഷകൾ പരിശോധിച്ച് 12,596 കുടുംബങ്ങളെ എ.എ.വൈ വിഭാഗത്തിലേയ്ക്കും 1,19,866 കുടുംബങ്ങളെ പി.എച്ച്.എച്ച് വിഭാഗത്തിലേയ്ക്കും മാറ്റിയിട്ടുണ്ട്. സർക്കാരിലേയ്ക്ക് സറണ്ടർ ചെയ്ത 11,000 ത്തോളം എ.എ.വൈ കാർഡുകൾ ഏറ്റവും അർഹരെ കണ്ടെത്തി ആഗസ്റ്റ് 9 ന് വിതരണം ആരംഭിച്ചു. ഇവയുടെ വിതരണം പൂർത്തിയായി വരുന്നു. 1,20,000ത്തോളം പി.എച്ച്.എച്ച് കാർഡുകളുടെ വിതരണത്തിലെ സംസ്ഥാനതല ഉത്ഘാടനം സെപ്റ്റംബർ 29-ന് തിരുവനന്തപുരത്ത് നടന്നു. സംസ്ഥാനത്തെ ഓരോ നിയോജക മണ്ഡലങ്ങളിലേയും ഉത്ഘാടനങ്ങൾ താലൂക്കുകളിൽ അതാത് മന്ത്രിമാർ/എം.എൽ.എമാർ/ ജനപ്രതിനിധികൾ എന്നിവരുടെ നേതൃത്വത്തിൽ ഒക്ടോബർ 1,2,3 തീയതികളിലായി നടന്നു. പി.എച്ച്.എച്ച് കാർഡുകളുടെ വിതരണം ഒക്ടോബർ 15-ഓടുകൂടി പൂർത്തിയാക്കുന്നതിനാണ് നിർദ്ദേശം നൽകിയിട്ടുള്ളത്. |
| (സി) | പൊതുവിതരണ ശൃംഖലയിലെ കരിഞ്ചന്ത, പൂഴ്ത്തിവയ്പ്പ്, റേഷൻ സാധനങ്ങളുടെ തിരിമറി എന്നിവ തടയുന്നതിനുള്ള പരിശോധന സംവിധാനം നിലവിലുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (സി) | ഉണ്ട്. പൊതുവിതരണ ശൃംഖലയിലെ കരിഞ്ചന്ത, പൂഴ്ത്തിവയ്പ്പ്, റേഷൻ സാധനങ്ങളുടെ തിരിമറി എന്നിവ തടയുന്നതിനായി ശക്തമായ ഒരു പരിശോധന സംവിധാനം രൂപീകരിച്ചിട്ടുണ്ട്. പൊതുജനങ്ങൾക്ക് മന്ത്രിയുമായി സംവദിക്കുവാൻ എല്ലാ മാസത്തിലെയും ആദ്യ വെള്ളിയാഴ്ച ഫോൺ ഇൻ പരിപാടി നടത്തുന്നു. പൊതുവിതരണ മേഖലയെ അഴിമതി മുക്തമാക്കുന്നതിന് ശക്തമായ ഒരു പരിശോധന സംവിധാനം ഉണ്ട്. റേഷനിംഗ് ഇൻസ്പെക്ടർ മുതൽ ജില്ലാ സപ്ലൈ ഓഫീസർ വരെയുള്ളവർ നടത്തുന്ന പതിവ് പരിശോധനകൾക്ക് പുറമെ വിജിലൻസ് ഓഫീസർ, താലൂക്ക് സപ്ലൈ ഓഫീസർ (മൊബൈൽ പട്രോൾ), ഡെപ്യൂട്ടി റേഷനിംഗ് കൺട്രോളർ, ഭക്ഷ്യ കമ്മീഷൻ എന്നിവരും റേഷൻ കടകളിൽ മിന്നൽ പരിശോധനകൾ നടത്തുന്നുണ്ട്. ഇപ്രകാരം നിരന്തരം പരിശോധനകൾ നടത്തി നിയമ ലംഘനം നടത്തുന്നവർക്കെതിരെ ശക്തമായ നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ സെക്രട്ടേറിയറ്റ്തലത്തിലുള്ള പരിശോധനാ സംഘവും പരാതികളിൻമേൽ അന്വേഷണം നടത്തി വരുന്നു. റേഷനിംഗ് ഇൻസ്പെക്ടർമാർ സിവിൽ സപ്ലൈസ് മാന്വൽ അനുസരിച്ച് അവരവരുടെ ഫർക്കയിലെ എല്ലാ എ.ആർ.ഡികളും മാസത്തിൽ ഒരു തവണ കർശനമായി പരിശോധിക്കുകയും ആയത് താലൂക്ക് സപ്ലൈ ഓഫീസർമാർ സൂപ്പർ ചെക്ക് ചെയ്യുകയും ചെയ്യുന്നു. റേഷനിംഗ് ഇൻസ്പെക്ടർമാർ പ്രതിവാരം 10 കാർഡുകളെങ്കിലും |

| | | | |
|---|---|---|---|
| | | | പരിശോധിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ കാർഡുടമകൾക്ക് റേഷൻ സാധനങ്ങൾ കൃത്യമായി ലഭിക്കുന്നുണ്ടോയെന്ന് പരിശോധിക്കുകയും വീഴ്ച വരുത്തുന്നവരുടെ പേരിൽ കർശന നടപടികൾ സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ